# പതിമൂന്നാം കേരളനിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.712 08.03.2012 ൽ മറുപടിക്ക്

## കെ.എച്ച്.ആർ.ഡബ്ള്യ.എസ്സിന്റെ എ.സി.ആർ. ലാബിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി:<br>,, എ. കെ. ശശീന്ദ്രൻ: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ള്യ.എസ്സിന്റെ എ.സി.ആർ. ലാബിൽ നിന്നുള്ള പ്രതിവർഷവരുമാനം എത്രയെന്ന വ്യക്തമാക്കുമോ; | (എ) | പ്രതിവർഷ വരുമാനം<br>2009-2010 (1 വർഷം) - 3,86,75,191.00 രൂപ<br>2010-2011 ( 1 വർഷം)- 5,25,15,967.00 രൂപ<br>2011-2012 ഫെബ്രുവരി വരെ (11 മാസം )-<br>6,34,31,976.00 രൂപ |
| (ബി) | എത്ര ശതമാനം നിർദ്ധന രോഗികൾക്ക് പരിശോധനാ ഫീസിൽ ഇളവുനൽകിയിട്ടുണ്ടെന്ന വ്യക്തമാക്കുമോ; | (ബി) | ബി.പി.എൽ. കാർഡുള്ളവർ, നിർദ്ധനരാണെന്ന് ജനപ്രതിനിധികൾ സാക്ഷ്യപ്പെടുത്തുന്നവർ, അനാഥാലായങ്ങളിലെ അന്തേവാസികൾ തുടങ്ങിയ നിർദ്ധനരായ എല്ലാ രോഗികൾക്കും പരിശോധനാഫീസിൽ പൂർണ്ണമായ ഇളവ് നൽകുകയോ അല്ലെങ്കിൽ നിശ്ചിത ശതമാനം ഇളവ് നൽകുകയോ ചെയ്യുന്നുണ്ട്. |
| (സി) | വിവിധ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ച മിനിമം വേതനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | സാമ്പത്തികസ്ഥിതി മെച്ചമല്ലാത്തതിനാലാണ് സർക്കാർ നിശ്ചയിച്ച മിനിമം വേതനം എല്ലാ വിഭാഗം ജീവനക്കാർക്കും നൽകാൻ സാധിക്കാത്തത്. |

| | | | |
|---|---|---|---|
| (ഡി) | എ.സി.ആർ. ലാബിൽ ടെക്നിക്കൽ തസ്തികകളിൽ പത്തുവർഷത്തിൽ കൂടുതൽ സർവ്വീസ് ഉള്ളവർക്ക സ്ഥിരനിയമനം നൽകി ലാബിന്റെ പ്രവർത്തനം സുസ്ഥിരമാക്കുന്ന കാര്യം പരിശോധിക്കുമോ? | (ഡി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ